# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 933 02/12/2015 ലെ മറുപടിയ്ക്ക്

### മീനാട് കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മീനാട് കുടിവെള്ള പദ്ധതിയിൽ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; ആയതിന് എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ)പദ്ധതിയുടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ 4 പാക്കേജുകളായി തിരിച്ചാണ് ചെയ്യുന്നത്.<br>പാക്കേജ് I- ഇൻടേക് പമ്പിംഗ് സ്റ്റേഷൻ, ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങിയവ ഉൾപ്പെടുന്ന പാക്കേജ് -I പണികൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു.<br>പാക്കേജ് -II -80 കി.മീ. ട്രാൻസ്മിഷൻ പൈപ്പ് ലൈനുകളും, അനുബന്ധ സംവിധാനങ്ങളും പൂർത്തിയാക്കി വിവിധ ടാങ്കുകളിൽ ജലം എത്തിക്കുന്നു.<br>പാക്കേജ് -III – ഏകദേശം 963 കി.മീ.വരുന്ന വിതരണ ശൃംഖലയുടെ - പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലവിതരണം നടത്തുവാനുള്ളതാണ് ഈ പാക്കേജ്. 788 കി.മീ.പൈപ്പ് ലൈൻ ഇതുവരെ സ്ഥാപിക്കുകയും അതിൽ 173 കി.മീ.പൈപ്പ് ലൈൻ ചാർജ്ജ് ചെയ്യുകയും ചെയ്തു. ഇപ്പോൾ 20 എം.എൽ.ഡി ജലം വിതരണം ചെയ്ത് വരുന്നു.<br>പാക്കേജ് -IV ൽ ഉൾപ്പെട്ട 14 ജലസംഭരണികളും അഡ്മിനിസ്ട്രേഷൻ ഓഫീസ്, സ്റ്റാഫ് ക്വാർട്ടേഴ്സ് തുടങ്ങിയവയും പൂർത്തിയാക്കിയിട്ടുണ്ട്.<br>മീനാട് ശുദ്ധജല പദ്ധതിക്കായി 246.57 കോടി രൂപ ഇതുവരെ ചെലവഴിച്ചു. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഇനി അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ് ; അവയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത് ആരാണ് ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വെളിപ്പെടുത്തുമോ; | (ബി) വിതരണ ശൃംഖലകളുടെ പണികൾ ആദ്യം ഏറ്റെടുത്തിരുന്നത് കരാറുകാരൻ M/s.Ramakrishna Contractors Pvt.Ltd., Hyderabad ആണ്. പ്രസ്തുത കരാറുകാരൻ പണി ഉപേക്ഷിച്ചു പോയതിനാൽ M/s.TECPRO Infra Strutures Ltd., കൊച്ചി എന്ന കമ്പനിയ്ക്ക് 2012 ജൂണിൽ ബാക്കി പണികൾക്ക് കരാർ നൽകിയിരുന്നു. 2012 ആഗസ്റ്റിൽ പ്രവൃത്തികൾ ആരംഭിച്ചു. കരാർ കാലാവധി 2013 ഡിസംബർ വരെ ആയിരുന്നെങ്കിലും പണികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. 174 കിലോമീറ്റർ പൈപ്പ് ലൈനുകൾ കൂടി ഇനിയും സ്ഥാപിക്കാനുണ്ട് |

| | |
|---|---|
| | കൂടാതെ ഇതുവരെ ഇട്ടിട്ടുള്ള പൈപ്പ് ലൈനുകളിൽ ആദ്യ കോൺട്രാക്ടർ ചെയ്ത പൈപ്പ് ലൈനുകൾ ഉൾപ്പെടെ 587 ഗ്യാപ്പ് ക്ലോസിംഗ് പ്രവർത്തനങ്ങളും രണ്ട് റെയിൽവേ ക്രോസ്സിങ്ങും ചെയ്ത് തീർക്കുവാൻ അവശേഷിക്കുന്നുണ്ട്. |
| (സി) പ്രസ്തുത പദ്ധതി പൂർണ്ണമായും കാര്യക്ഷമമാക്കി കമ്മീഷൻ ചെയ്യുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (സി) വിതരണ ശൃംഖലയുടെ പണിയിൽ പുരോഗതി കൈവരിക്കാത്തതിനാൽ TECPRO യുടെ സേവനം നിർത്തലാക്കുന്ന നടപടി എടുത്തെങ്കിലും, ഒരു വർഷത്തിനുള്ളിൽ പണികൾ പൂർത്തിയാക്കാമെന്നുള്ള അവരുടെ വാഗ്ദാനം പരിഗണിച്ച് അവരെക്കൊണ്ടുതന്നെ പണികൾ നടത്തിച്ച് ഘട്ടങ്ങളായി ജലവിതരണം ഉറപ്പാക്കിക്കൊണ്ട് 2016 ഡിസംബറോടു കൂടി പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ ആണ് ഇപ്പോൾ ആലോചിച്ചിട്ടുള്ളത്. ഇതിന് സത്വര നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ